64-ാമത് കേരള സ്കൂൾ കലോത്സവം ... പ്രോഗ്രാം കമ്മിറ്റി

സ്വവിഷയം: ഒറ്റ മുറിയുള്ള വീട്

# വേനൽപ്പൂവ്

സൂര്യപ്രകാശം വെറുതെയൊന്ന് തലോടിയ ഉടൻ അവൾ കണ്ണ് തുറന്നു. ചടപിടിച്ച മുടി മുഷിഞ്ഞ വസ്ത്രം ഒറ്റനോട്ടത്തിൽ ആരും അവളെ ഭ്രാന്തിയായി വർണിച്ചുപോകും! ആ വീട്ടിലെ ഒരു മുറിയിൽ ആർക്കും ഭാരമാകാതെ, തനിച്ച് പാർക്കുന്ന ഒരു പെൺകുട്ടി. ഏകാന്തതയുടെ അനന്തതയിൽ അവൾ തിരയുകയാണ് സത്യങ്ങൾ, ഓർമ്മകൾ, നഷ്ടപ്പെട്ടയവയുടെ ചിന്തകൾ . . . ഓർമ്മകളില്ലാത്തയൊരു മനുഷ്യന്റെ ഭീകരാവസ്ഥ മായയിലൂടെ കാണാം. ഉറക്കമുണർന്നവൾ ചുറ്റും നോക്കി. എന്തോ എവിടെയോ ഒരു ശൂന്യത. താൻ വീണ്ടും എന്തൊക്കെയോ മറക്കുന്നു. അവൾ മുറി മുഴുവൻ ഒന്ന് പരതി. താനെന്താണ് തിരയുന്നതെന്നു പോലുമറിയാതെ. ഒടുവിലവൾ ഒരു പെട്ടി കണ്ടുപിടിച്ചു. ആദ്യമായ് കാണുന്ന ആകാംഷയിൽ ~~അവൾ~~ മായ അത് തുറന്നു. അതിൽ നിറയെ കത്തുകളായിരുന്നു. മായ എന്ന പെൺകുട്ടിക്ക് ലഭിച്ച മറുപടിക്കത്തുകൾ. പെട്ടെന്ന് എന്തോ തിരിച്ചറിഞ്ഞെന്ന ഭാവത്തിൽ അവൾ ഒരു കഷ്ണം കടലാസിൽ എന്തോ കുറിച്ചു. എഴുതിപ്പൂർത്തിയാക്കാൻ കഴിയാതെ വിറയ്ക്കുന്ന അവളുടെ കൈകളിലേക്ക് നോക്കുമ്പോൾ അവളുടെ

കവിളിൽ ~~ദ~~ ഒരു വലിയ മഴ പെയ്യുന്നുണ്ടായിരുന്നു. മായ ഉടനെ പെട്ടിയിലുണ്ടായിരുന്ന അധികം പഴക്കമില്ലാത്ത ഒരു കത്ത് തുറന്നു വായിച്ചു.

“പ്രിയപ്പെട്ട മായയ്ക്ക്,

കുറെ കാത്തിരുന്നിട്ടും നിന്റെ കത്തുകൾ എന്നെ തേടിയെത്തിയില്ല. ലീവ് കഴിഞ്ഞാലുടൻ, ഈ വേനൽ തീരുന്നതിനുമുമ്പ് ഞാൻ നിന്നെ തേടി വരും നിനക്കിഷ്ടപ്പെട്ട വെള്ള റോസാപ്പൂക്കളുമായ്. അപ്പോഴേക്കും നീ എന്നെ മറന്നുകളയരുത്!”

മഴത്തുള്ളികൾ വീണ് നനഞ്ഞ ആ കത്ത് എവിടെ നിന്നോ ഒരു പ്രതീക്ഷ അവളിലേക്കെത്തിച്ചു. വെള്ള റോസാപ്പൂക്കളുമായ് തന്റെയടുത്തേക്ക് നടന്നുവരുന്ന അപരിചിതന്റെ ചിത്രം അവളുടെ മനസിൽ തെളിഞ്ഞുവന്നു. വെയിലത്തു വാടിക്കരിഞ്ഞ പൂക്കളെ നോക്കി മായ ആശ്വസിച്ചു. പക്ഷെ അപ്പോഴും മുൻപും ~~ഞാൻ~~ ഇ താനീ കത്ത് വായിച്ചിരിക്കാമെന്നും നാളെ തനിക്കൊരു പുതിയ ദിവസമായിരിക്കുമെന്നും അവൾക്കറിയാമായിരുന്നു.

കുറച്ച് ദിവസങ്ങൾക്ക് ശേഷം കയ്യിൽ ഒരു കുടം വെള്ളപ്പൂക്കളുമായ് ഒരു യുവാവ് മായയുടെ വീടിനു മുൻപിലെത്തി. ആൾക്കൂട്ടത്തിനിടയിലൂടെ അയാൾ പതിയെ മുൻപോട്ട് നടന്നു. അതായ് മുടിയെല്ലാം ചീകി വൃത്തിയാക്കി

വെള്ള വസ്ത്രം ധരിച്ച ഒരു മാലാഖ മുൻപിൽ ഉറങ്ങുന്നു.
"ആ പെണ്ണിന് മറവി രോഗമായിരുന്നത്രേ!"
ആൾക്കൂട്ടത്തിനിടയിൽ നിന്നും ആരോ പറയുന്നത് കേൾക്കാം. ഒരപരിചിതനെപ്പോലെ ആ പൂന്തോട്ടത്തിനുള്ളിലേക്ക് അവൻ തന്റെ വെള്ളപ്പൂക്കൾ കൂടി നൽകി. അവസാനമായി അവൻ സ്പർശിച്ച അവളുടെ കൈകൾക്ക് അവനെ വിഴുങ്ങുന്നത്ര തണുപ്പായിരുന്നു.

"എല്ലാം ഏറെ വൈകിയിരിക്കുന്നു!" ഒന്ന് കരയാൻ പോലും കഴിയാതെ അവൻ മായയുടെ മുറിയിലേക്ക് പ്രവേശിച്ചു. ~~എന്തോ അവനെ~~ തണുത്തു വിറങ്ങലിച്ചിരുന്ന ആ മുറിയിലേക്ക് കയറുമ്പോൾ പലതും അയാളുടെ മനസിൽ മിന്നി മറഞ്ഞു. അവളൊരിക്കൽ പറഞ്ഞിരുന്നു, നമുക്ക് ഒരുമിച്ച് മരിക്കാമെന്ന്. അപ്പോൾ നിന്നെയോർത്ത് കരയാൻ ഞാനോ എന്നെയോർത്ത് കരയാൻ നീയോ ഉണ്ടാകില്ലല്ലോ!" അതും നുണയായിരുന്നുവെന്ന് മനസിലാക്കാൻ എനിക്ക് വേനൽ മുഴുവൻ വേണ്ടിവന്നല്ലോ!" അവളോടെന്ന പോലെ ഒരു വിങ്ങലോടെ അവനത് നിശബ്ദമായി പറഞ്ഞു.

അലങ്കോലമായ ആ മുറിയിലെ ചിതറിക്കിടക്കുന്ന കത്തുകളും ~~നനഞ്ഞു കുതിർന്ന മെത്ത~~ നനവുണങ്ങാത്ത മെത്തയും മറികടന്ന് എഴുതിപ്പൂർത്തിയാകാത്ത ഒരു കത്ത് അവൻ കയ്യിലെടുത്തു.

64-ാമത് കേരള സ്കൂൾ കലോത്സവം തൃശ്ശൂർ പ്രോഗ്രാം കമ്മിറ്റി

"പ്രിയപ്പെട്ട അപരിചിതന്,

ഇതുവരെയും അടയ്ക്കാതെ നിനക്കുവേണ്ടി ഒരു മുറി മാത്രം എന്റെ വീടിൽ ഞാൻ ഒരുക്കിയിരുന്നു. പക്ഷെ ഇപ്പോൾ ആ മുറിയുടെ വാതിലും അടയുന്നതുപോലെ എനിക്ക് തോന്നുന്നു.

ഈ കടന്നുപോകുന്ന ഓരോ നിമിഷവും എന്റെ ഓർമകൾ നഷ്ടമാകുകയാണ്. ഒരുനാൾ നിന്റെയോർമ്മകളിൽ നിന്ന് ഞാനും എന്റെ ഓർമകളിൽ നിന്ന് നീയും ഇല്ലാതെയാകും. ഓർമ്മകൾ മരിച്ച മനുഷ്യന്റെ ആത്മാവും പതിയെ നഷ്ടമാകും. ഒരുപക്ഷെ നിന്നിലേക്കുള്ള എന്റെ അവസാന വരിയായിരിക്കാമിത്."

പൂർത്തിയാകാത്തതിനു കാരണം 'അപരിചിതൻ' എന്നയവളുടെ പദപ്രയോഗം മാത്രമായിരുന്നു. ~~കണ്ണ~~ അവളുടെ ഹൃദയത്തിൽ അടയ്ക്കാതെ വച്ച ആ ഒറ്റമുറി താനായിരുന്നുവെന്ന് മനസിലാക്കുമ്പോഴേക്കും മഴ പെയ്ത് തുടങ്ങിയിരുന്നു. വീടിന് പുറത്തും, അകത്തും! "വേനൽ അവസാനിച്ചു!, അവളും!" അതും പറഞ്ഞ് അവിടെ അവശേഷിച്ച മായയെ കൂടെ കൂട്ടാതെ അയാൾ തിരികെ നടന്നു. ഇന്നലെ വെയിലത്ത് വാടിയ പൂക്കൾ പോലും ഇന്ന് തളിർത്തിരുന്നു. പക്ഷെ ഇത്രയും മഴ പെയ്തിട്ടും അവളുടെ കണ്ണുകളിൽ വേനലിന്റെ വരൾച്ചയായിരുന്നു!

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).